## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2703 09-03-2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കഴിഞ്ഞ യു.ഡി.എഫ് ഭരണ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ കണ്ടെത്തിയിട്ടുള്ള അഴിമതികളിൽ ഏതെല്ലാം കേസുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് ; | എ) | I)കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അഴിമതി കേസുകൾ ചുവടെ ചേർക്കുന്നു.<br><br>1) ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിന്റെ അധീനതയിലുണ്ടായിരുന്ന ഐ.ടി.ഐ-കളിൽ ഗുണനിലവാരമില്ലാത്ത ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ<br>2)ഇടുക്കി കട്ടപ്പന ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ കീഴിൽ നടപ്പാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി<br>3) ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ 2015-16 വർഷത്തെ ഭൂരഹിത പുനരധിവാസ പദ്ധതി<br>4) തൃശ്ശൂർ കോട്ടോൾ നായാടി ക്കോളനിയിൽ നടപ്പിലാക്കിയ ഭവനനിർമ്മാണം<br>5) പാലക്കാട് മണ്ണാർക്കാട് പട്ടികജാതി വികസന ഓഫീസിന് കീഴിൽ 2012-13, 2013-14, 2014-15 വർഷം നടപ്പാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതികൾ<br>6)പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനവുമായി ബന്ധപ്പെട്ട പരാതി.<br><br>II) പട്ടികവർഗ്ഗ വികസന വകുപ്പ്<br>1) വയനാട് ജില്ലയിലെ അടിയ പണിയ പാക്കേജ് പദ്ധതി<br>2)ജനനി ജന്മരക്ഷ പദ്ധതിയിലെ ക്രമക്കേട് |

| | | | |
|---|---|---|---|
| ബി) | ഇക്കാര്യത്തിൽ ഏന്തെല്ലാം നടപടികളാണ് ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | ബി) | പട്ടികജാതി വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരായി എടുത്ത/സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിലെ അടിയപണിയ പാക്കേജുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണോദ്യോഗസ്ഥനെ നിയമിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ജനനി ജന്മരക്ഷ പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ബി.എസ്.പ്രേമാനന്ദനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. ഈ കേസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ